സൈനിക സ്കൂൾ ക്യാമ്പസിൽ നിന്ന് 'കിൻഫ്രാ'യ്ക്ക് സ്ഥലം കൈമാറിയ നടപടി

38 (3679) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എ. വി. അബ്ദുറഹിമാൻഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനികസ്കൂൾ ക്യാമ്പസ്സിൽ നിന്ന് 'കിൻഫ്രാ'യ്ക്ക് സ്ഥലം നൽകുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതനുസരിച്ച് എത്ര ഏക്കർ ഭൂമി കിൻഫ്രായ്ക്ക് വിട്ടുകൊടുത്തിട്ടുണ്ട് ;

(സി) സ്ഥലം കൈമാറ്റം ചെയ്തതിന് സൈനികസ്കൂൾ അധികൃതർക്ക് നൽകിയ നഷ്ട പരിഹാരം കുറവായതിനാൽ സമീപ സ്ഥലങ്ങളുടെ നിലവിലുള്ള വില കണക്കാക്കി നഷ്ടപരിഹാരം നൽകാൻവേണ്ട നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തീരുമാനിച്ചിച്ചുണ്ട്.

(ബി) 75 ഏക്കർ.

(സി) 75 ഏക്കർ ഭൂമി ഒരേ നിരപ്പിൽ ഉള്ളതല്ല. പല ഉയർച്ചയിലും താഴ്ചയിലുമാണ് ഈ ഭൂമി സ്ഥിതിചെയ്യുന്നത്. ഈ കാരണത്താലും 75 ഏക്കർ ഭൂമി ഒന്നിച്ചെടുക്കുന്നതിനാലും നഷ്ടപരിഹാരമായി നൽകിയിരിക്കുന്ന തുക സമീപ സ്ഥലവിലയുമായി തട്ടിച്ചു നോക്കുമ്പോൾ ഒട്ടും കുറവല്ല. അതിനാൽ ഇപ്പോൾ നൽകിയതിനേക്കാൾ കൂടുതൽ നഷ്ട പരിഹാരം നൽകുവാൻ കിൻഫ്രാ നടപടി സ്വീകരിക്കുന്നില്ല. 75 ഏക്കർഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതിനുള്ള നഷ്ട പരിഹാരം 3 കോടി രൂപയായി അംഗീകരിച്ചുകൊണ്ടുള്ള കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിന്റെയും സംസ്ഥാന സർക്കാരിന്റെയും തീരുമാനം ലഭിച്ചതിനുശേഷമാണ് കിൻഫ്രാ ഭൂമി ഏറ്റെടുക്കുകയും തുക കൈമാറുകയും ചെയ്തിട്ടുള്ളത്.

കഴക്കൂട്ടം സൈനിക സ്കൂൾ ക്യാമ്പസിൽ നിന്നും കിൻഫ്രായ്ക്ക് സ്ഥലം കൈമാറ്റം

39 (3680) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴക്കൂട്ടം സൈനികസ്കൂൾ ക്യാമ്പസിൽ നിന്നും കിൻഫ്രായ്ക്ക് എത്ര ഏക്കർ സ്ഥലം കൈമാറ്റം നടത്തിയെന്നും സ്കൂൾ അധികൃതർക്ക് എന്ത് നഷ്ടപരിഹാരം നല്കിയെന്നും വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly